# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/231/2018 2018 ഒക്ടോബർ 30

## എം.ജി. വാർത്താക്കുറിപ്പ്

---

**സുസ്ഥിര ജലവിഭവ പരിപാലനം;**

**രാജ്യാന്തര ശില്പശാല നവംബർ രണ്ടു മുതൽ**

'സുസ്ഥിര ജലവിഭവ പരിപാലനം' എന്ന വിഷയത്തിൽ ജപ്പാനിലെ സോഫിയ സർവകലാശാലയും മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന രാജ്യാന്തര ശില്പശാല നവംബർ രണ്ട്, മൂന്ന് തീയതികളിൽ നടക്കും.

നവംബർ രണ്ടിന് രാവിലെ ഒൻപതിന് സർവകലാശാല കാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസ് സെമിനാർ ഹാളിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ സെമിനാർ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, ഡയറക്ടർ പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. ജെ. ജി. റേ, പ്രൊഫ. എം.എസ്. ലത എന്നിവർ പങ്കെടുക്കും. പ്രൊഫ. ഇ.ജെ. ജെയിംസ്, പ്രൊഫ. ഹ്വാങ് ഗ്വാങ്‌വെ, പ്രൊഫ. കെയ്കോ ഹിരോ, ഡോ. നൊബുഹിറോ സുസുക്കി, പ്രൊഫ. ജോൺ ജെ. പുത്തൻകളം, ഡോ. പി.എസ്. ഹരികുമാർ, ഡോ. കെ.ജി. പത്മകുമാർ, ഡോ. സി.ടി. അരവിന്ദ്കുമാർ, ഡോ. എ.എം. തോമസ്, ഡോ. ഇബ്നുസൗദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

കേരളത്തിലെ ജലവിഭവ മാനേജ്മെന്റ്, ദുരന്ത പുനരധിവാസം, സുസ്ഥിര വികസനവും പരിസ്ഥിതിയും, കേരളത്തിലെ ജല ഗുണനിലവാര മാനേജ്മെന്റ്, കേരളത്തിലെ ജല ആവാസ വ്യവസ്ഥയും പരിപാലനവും, ജലവുമായി ബന്ധപ്പെട്ട സാമൂഹിക - പാരിസ്ഥിതിക പ്രശ്നങ്ങൾ, ജലശുദ്ധീകരണത്തിനുള്ള പാരമ്പര്യ മാർഗങ്ങൾ, ജലവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പഠനങ്ങൾ എന്നീ വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്യും. ജപ്പാനിൽ നിന്നടക്കമുള്ള ഗവേഷകരും വിദഗ്ധരുമടങ്ങുന്ന സംഘം തണ്ണീർത്തടങ്ങളും ജലാശയങ്ങളും സന്ദർശിക്കും. കുട്ടനാട്ടിലെ ജലാശയങ്ങളുടെ സ്ഥിതി വിലയിരുത്തും.

**മലയാള ദിനാഘോഷം – ഭരണഭാഷ വാരാഘോഷം :**

**കോളേജുകളിലും സ്ഥാപനങ്ങളിലും ഭാഷ–ഭരണഭാഷ പ്രതിജ്ഞ**

ലോക മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷ വാരാഘോഷത്തിന്റെയും ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള വകുപ്പുകളിലും സ്ഥാപനങ്ങളിലും കോളേജുകളിലും നവംബർ ഒന്നിന് ഭാഷാ പ്രതിജ്ഞയും ഭരണഭാഷ പ്രതിജ്ഞയുമെടുക്കും. രാവിലെ 11ന് സർവകലാശാല ഭരണവിഭാഗ ചത്വരത്തിൽ ഭരണഭാഷ സമ്മേളനം സംഘടിപ്പിക്കും. വൈസ് ചാൻസലർ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രാവിലെ 11ന് 'ഭൂമി മലയാളം' പദ്ധതിയുടെ ഭാഗമായി ഭാഷ പ്രതിജ്ഞയെടുക്കും. കേരളപ്പിറവി ദിനത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ അതത് കോളേജുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം.

***ഓഫീസുകളിൽ ചൊല്ലേണ്ട ഭരണഭാഷ പ്രതിജ്ഞ***

'മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയേയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും.'

***കോളേജുകളിൽ ചൊല്ലേണ്ട ഭാഷ പ്രതിജ്ഞ***

'ഭൂമി മുഴുവൻ പടർന്നുകിടക്കുന്ന ബൃഹത്തായ മലയാളി സമൂഹത്തിന്റെ ഭാഗമാണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. ലോക സംസ്കാരത്തിനും സാഹിത്യത്തിനും മലയാളവും മലയാളികളും ചെയ്ത സംഭാവനകൾ എന്നെ ആഹ്ലാദിപ്പിക്കുന്നു. മലയാളിയുടെ മതാതീതമായ സൗഹൃദവും നവോത്ഥാനത്തിലൂടെ മലയാളികൾ കൈവരിച്ച ആധുനികമായ അവബോധവും എന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. മലയാളിയുടെ സമത്വ ഭാവനയെ ഞാൻ ആദരിക്കുന്നു.

എന്റെ ഭാഷ ഞാൻ ലോകത്തെ നോക്കിക്കാണുന്ന രീതിയാണ്. എന്റെ ഓർമ്മകളും അനുഭവവും ഭാവനയും രൂപപ്പെടുത്തുന്നതിൽ അതിന് പ്രധാനമായ പങ്കുണ്ട്. മലയാളം എന്റെ സ്വത്വത്തെ നിർവ്വചിക്കുന്ന ആദ്യഘടകമാണ്. ഞാൻ ഈ രാജ്യത്തും ലോകത്തിലും ഒരു മലയാളി എന്ന നിലയിൽത്തന്നെ എന്നെ തിരിച്ചറിയുന്നു.

അനേകം മതങ്ങളും ലോക വീക്ഷണങ്ങളും സാമൂഹിക ജാഗ്രതാ പ്രസ്ഥാനങ്ങളും കല-സാഹിത്യ രൂപങ്ങളും സമൃദ്ധമാക്കിയതാണ് കേരളീയ സംസ്കൃതി. അതിന്റെ അവകാശിയായത് എന്റെ സൗഭാഗ്യമാണ്. എന്റെ ഭാഷയേയും സംസ്കാരത്തെയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് എന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഭൂമിയുടെ ഏത് കോണിൽ ജീവിച്ചാലും എന്റെ ഭാഷയെ ഞാൻ വിസ്മരിക്കുകയില്ല. വരും തലമുറകളിലേക്കും ആ ഭാഷയും അതിലൂടെ ഞാൻ അവകാശമാക്കിയ സംസ്കാരവും പകരുവാൻ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം'

## ദേശീയ പുനരർപ്പണ ദിനം ഇന്ന് (ഒക്ടോബർ 31)

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമവാർഷിക ദിനമായ ഇന്ന് (ഒക്ടോബർ 31) ദേശീയ പുനരർപ്പണദിനമായി ആചരിക്കും. രാവിലെ 10.15 മുതൽ 10.17 വരെ രണ്ടുമിനിട്ട് മൗനമാചരിക്കും. സർവകലാശാല കാമ്പസിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നടക്കുന്ന അനുസ്മരണ ചടങ്ങിൽ ദേശീയോദ്ഗ്രഥന പ്രതിജ്ഞയെടുക്കും.

## മേഴ്സി ചാൻസ് പരീക്ഷ

ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുള്ള പ്രത്യേക മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. എൽ.എൽ.ബി. (ത്രിവത്സരം/പഞ്ചവത്സരം - 1983 - 1997 അഡ്മിഷൻ, 1998, 1999 അഡ്മിഷൻ), എസ്.ഐ.എൽ.ടി. ത്രിവത്സരം (1991, 1992 വാർഷിക സ്കീം അഡ്മിഷൻ, 1993 സെമസ്റ്റർ അഡ്മിഷൻ, 1994, 1995 ഈവനിംഗ് ബാച്ച് അഡ്മിഷൻ), എസ്.ഐ.എൽ.ടി. പഞ്ചവത്സരം (1994, 1995 അഡ്മിഷൻ മുതൽ) എന്നിവയ്ക്ക് കൂടി മേഴ്സി ചാൻസ് അനുവദിച്ചു. പിഴയില്ലാതെ ഡിസംബർ 17 വരെയും 50 രൂപ പിഴയോടെ ഡിസംബർ 19 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ 22 വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമേ 5000 രൂപ സ്പെഷൽ ഫീസ് അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പരീക്ഷാഫലം

2018 ജൂൺ/ജൂലൈ മാസങ്ങളിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.വോക് (ലോജിസ്റ്റിക്സ് മാനേജ്മെന്റ് ഒഴികെ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ അപേക്ഷിക്കാം.

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ സ്പെഷൽ എജ്യൂക്കേഷൻ ആന്റ് റിഹാബിലിറ്റേഷൻ സയൻസസ് - സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

## ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സ്

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഡിസാസ്റ്റർ മാനേജ്മെന്റ് ലോ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ സമർപ്പിച്ചവർ നവംബർ ഒന്നിന് രാവിലെ 11ന് രേഖകളുമായി വകുപ്പ് മേധാവി മുമ്പാകെ എത്തണം.

## പരിശീലന പരിപാടി

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ 'സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ വ്യക്തിത്വ വികസനം' എന്ന വിഷയത്തിൽ നവംബർ രണ്ടിന് രാവിലെ 9.30ന് സർവകലാശാല അസംബ്ലി ഹാളിൽ പരിശീലന പരിപാടി നടക്കും. സർവകലാശാലയുടെ കീഴിലുള്ള എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നും സോഷ്യൽ മീഡിയയിൽ താല്പര്യമുള്ള രണ്ടുപേർ വീതം ഗുണനിലവാരമുള്ള ആൻഡ്രോയ്ഡ് ഫോണുകളുമായി പരിപാടിയിൽ പങ്കെടുക്കണം.

## പഠനവൈകല്യങ്ങൾ:

## ദ്വിദിന ദേശീയ സെമിനാറിന് തുടക്കം

വിദ്യാർഥികളിലെ പഠനവൈകല്യം കണ്ടെത്തുന്നതിലും പരിഹാരബോധനം നടത്തുന്നതിലും കൂടുതൽ ഗവേഷണം അനിവാര്യമാണെന്ന് സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസബിലിറ്റിയും (ഐ.ആർ.എൽ.ഡി.) സംയുക്തമായി പഠനവൈകല്യങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ. രാജീവ് കുമാർ, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ സോണൽ കോ-ഓർഡിനേറ്റർ ഗായത്രി രവീഷ്, ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജ് അധ്യാപിക സുല്ലു എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസബിലിറ്റിയും (ഐ.ആർ.എൽ.ഡി.) സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

## അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം ഒൻപതിന്

മഹാത്മാ ഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം നവംബർ ഒൻപതിന് ഉച്ചകഴിഞ്ഞ് മൂന്നിന് സർവകലാശാലയിലെ വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

## ബാങ്ക് ടെസ്റ്റ് പരിശീലനം

വിവിധ ബാങ്കുകളിലേക്ക് നിയമനത്തിനായി ഐ.ബി.പി.എസ്. നടത്തുന്ന മത്സര പരീക്ഷകൾക്ക് മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്ന പരിശീലനത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ